**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 4260 | 16.12.2014-ൽ മറുപടിയ്ക്ക്

## അവിവാഹിതരായ ആദിവാസി അമ്മമാരുടെ പുനരധിവാസ പദ്ധതി

**ചോദ്യം**
ശ്രീ. ഐ. സി. ബാലകൃഷ്ണൻ
ശ്രീ. വി. പി. സജീന്ദ്രൻ
ശ്രീ. വി. ഡി. സതീശൻ
ശ്രീ. ഡൊമനിക് പ്രസന്റേഷൻ

**മറുപടി**
കുമാരി. പി. കെ. ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | അവിവാഹിതരായ ആദിവാസി അമ്മമാരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | എ) | ഉണ്ട്. |
| ബി) | പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) | സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ അവിവാഹിതരായ പട്ടികവർഗ്ഗ അമ്മമാരെ പുനരധിവസിപ്പിക്കുന്നതിനായി 2011-12 സാമ്പത്തിക വർഷം പുതിയ പദ്ധതി ആവിഷ്കരിച്ചിരുന്നു. ഇവരുടെ ഭൗതിക ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള പാക്കേജിൽ ഭവന നിർമ്മാണം, വീട് റിപ്പയർ, ജീവനോപാധി പദ്ധതികളായ കറവപ്പശു വളർത്തൽ, ആട് വളർത്തൽ, കോഴി വളർത്തൽ, കുട്ട-വട്ടി നിർമ്മാണം, തയ്യൽ പരിശീലനം, തയ്യൽ മെഷീൻ വിതരണം, പെട്ടിക്കട നടത്തുന്നതിന് ധനസഹായം എന്നിവ ഉൾപ്പെടുന്നു. ഇവയ്ക്ക് പുറമെ പട്ടികവർഗ്ഗത്തിൽപ്പെട്ട 526 അവിവാഹിതരായ അമ്മമാർക്ക് 'സ്നേഹസ്പർശം' എന്ന പെൻഷൻ പദ്ധതി പ്രകാരം പ്രതിമാസം 1000/- രൂപ പെൻഷൻ നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| സി) | പ്രസ്തുത പദ്ധതിയുമായി ഏതെല്ലാം ഏജൻസികളാണ് സഹകരിക്കുന്നതെന്ന് വിശദമാക്കുമോ; | സി) | സാമൂഹ്യ സുരക്ഷാ മിഷനും പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ടും പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| ഡി) | പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | ഡി) | ആദിവാസി അമ്മമാരുടെ പുനരധിവാസത്തിനായി 2011-12 സാമ്പത്തിക വർഷം തുക അനുവദിച്ചിരുന്നു. ടി പദ്ധതിയിൽപ്പെട്ട ഭവന നിർമ്മാണത്തിന്റെ തുടർ പ്രവർത്തനങ്ങൾക്കായി 2012-13, 2013-14 വർഷങ്ങളിലും തുക അനുവദിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. |

Haripriya

സെക്ഷൻ ഓഫീസർ